ജി (1) 7628/2014

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 07.08.2014

E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

# സർക്കുലർ നമ്പർ 39/14

വിഷയം: സഹകരണവകുപ്പ് – സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കുള്ള ഓണറേറിയം പരിഷ്കരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:
1) സഹകരണ സംഘം രജിസ്ട്രാറുടെ 24.05.2013 ലെ 35/2013 നമ്പർ സർക്കുലർ.
2) സർക്കാരിന്റെ 09.09.2013 ലെ ജി.ഒ. (എം.എസ്.)45/2013/Plg. നമ്പർ ഉത്തരവ്.
3) സർക്കാരിന്റെ 05.11.2013 ലെ സ.ഉ. (സാധാ)703/2013/സഹ നമ്പർ ഉത്തരവ്.

........................

വിവിധ സഹകരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർക്കും, വൈസ് പ്രസിഡന്റുമാർക്കുമുള്ള ഓണറേറിയവും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുൾപ്പെടെയുള്ള ഭരണ സമിതി അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവയും പുതുക്കി നിശ്ചയിച്ചുകൊണ്ട് സൂചന ഒന്ന് പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെയർമാന്മാരുടെ ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ട് സൂചന (2) പ്രകാരവും അതിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ബോർഡുകളുടെ ചെയർമാൻമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ട് സൂചന (3) പ്രകാരവും ഉത്തരവായിട്ടുണ്ട്. പ്രസ്തുത വർദ്ധനവുകളുടെ അടിസ്ഥാനത്തിൽ സൂചന (1) സർക്കുലറിലെ 1 മുതൽ 14 വരെയുള്ള സ്ഥാപനങ്ങളുടെ ചെയർമാൻമാരുടേയും വൈസ് ചെയർമാൻമാരുടേയും ഓണറേറിയം, യാത്രാ ബത്ത, സിറ്റിംഗ് ഫീസ് എന്നിവ സഹകരണ ചട്ടം 49 പ്രകാരം പരിഷ്കരിച്ചുകൊണ്ട് സൂചന (1) പ്രകാരമുള്ള നിരക്കുകളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു. പരിഷ്കരിച്ച നിരക്കിന് 01.04.2014 മുതൽ പ്രാബല്യമുണ്ടായിരിക്കും. സൂചന (1) ലെ സർക്കുലറിൽ പരാമർശിച്ചിട്ടുള്ള മറ്റു സ്ഥാപനങ്ങൾക്ക് ടി സർക്കുലറിലെ നിരക്കുകൾ തുടരുന്നതും ആയതിലെ മറ്റു പൊതു വ്യവസ്ഥകളിൽ മാറ്റമുണ്ടായിരിക്കുന്നതുമല്ല.

*പരിഷ്കരിച്ച നിരക്കുകൾ, അനുബന്ധമായി ചേർക്കുന്നു.*

ഒപ്പ്
എസ്.ലളിതാംബിക ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

# അനുബന്ധം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | പ്രസിഡന്റുമാർക്കുള്ള ഓണറേറിയം | | വൈസ് പ്രസിഡന്റുമാർക്കുള്ള ഓണറേറിയം | | ദിനബത്ത | | യാത്രാബത്ത | | സിറ്റിംഗ് ഫീസ് | |
|---|---|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം | 15000 | 22000 | 7500 | 10000 | 400 | 400 | 4.00 | 5.00 | 600 | 800 |
| 2 | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം | 15000 | 22000 | 7500 | 10000 | 400 | 400 | 4.00 | 5.00 | 600 | 800 |
| 3 | കേരള സംസ്ഥാന സഹകരണ കൺസ്യൂമേഴ്സ് ഫെഡറേഷൻ ക്ലിപ്തം | 10000 | 20000 | 6000 | 7500 | 350 | 350 | 4.00 | 4.00 | 500 | 500 |
| 4 | കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം | 10000 | 20000 | 6000 | 7500 | 350 | 350 | 4.00 | 4.00 | 500 | 500 |
| 5 | കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം | 10000 | 20000 | 6000 | 7500 | 350 | 350 | 4.00 | 4.00 | 500 | 500 |
| 6 | കേരള കേര കർഷക സഹകരണ ഫെഡറേഷൻ ക്ലിപ്തം | 10000 | 20000 | 6000 | 7500 | 350 | 350 | 4.00 | 4.00 | 500 | 500 |
| 7 | കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ ക്ലിപ്തം | 10000 | 20000 | 6000 | 7500 | 350 | 350 | 4.00 | 4.00 | 500 | 500 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 8 | കേരള സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ക്ലിപ്തം | 7500 | 10000 | 4000 | 5000 | 350 | 350 | 4.00 | 4.00 | 400 | 400 |
| 9 | കേരള സംസ്ഥാന | 6000 | 8000 | 3000 | 4000 | 350 | 350 | 4.00 | 4.00 | 400 | 400 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ ക്ലിപ്തം | | | | | | | | | | |
| 10 | കേരള വനിത സഹകരണ ഫെഡറേഷൻ ക്ലിപ്തം | 6000 | 8000 | 3000 | 4000 | 350 | 350 | 4.00 | 4.00 | 400 | 400 |
| 11 | ജില്ലാ സഹകരണ ബാങ്കുകൾ | 12000 | 20000 | 6000 | 9000 | 350 | 350 | 4.00 | 5.00 | 500 | 650 |
| 12 | കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പ റേറ്റീവ് ലിമിറ്റഡ് (റബ്കോ) | 10000 | 12000 | ഇല്ല | ഇല്ല | 350 | 350 | 4.00 | 4.00 | 500 | 500 |
| 13 | റീജിയണൽ അഗ്രോ ഇൻഡ സ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (റെയ്ഡ്കോ) | 7500 | 8500 | ഇല്ല | ഇല്ല | 350 | 350 | 4.00 | 4.00 | 500 | 500 |
| 14 | കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (അഗ്രീൻകോ) | 6000 | 7000 | ഇല്ല | ഇല്ല | 350 | 350 | 3.00 | 3.00 | 500 | 500 |